സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നുണ്ട്. കുറേക്കൂടി വേഗത കൂട്ടാനുള്ള നിർദ്ദേശം നൽകുന്നതാണ്. ഇന്നത്തെ സാഹചര്യത്തിൽ റോഡ് വീതി കൂട്ടുന്നതിന് വളരെയേറെ ബുദ്ധിമുട്ടാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാം, അതുകൊണ്ട് മെയിൻപാതയ്ക്ക് കിഴക്കുവശവും പടിഞ്ഞാറുവശവും രണ്ടു റോഡുകൾ ഏറ്റവും വേഗത്തിൽ നിർമ്മിക്കുന്നതിന് പരമാവധി ശ്രമിക്കാം.

(6) ആദിവാസി തടവുകാർക്ക് നിയമസഹായം

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, സാമൂഹ്യമായ സംരക്ഷണവും നിയമപരമായ പരിരക്ഷയും ആവശ്യമുള്ള ഏറ്റവും അർഹതപ്പെട്ട ഒരു സമൂഹമാണ് ആദിവാസി സമൂഹം. ഈ ആദിവാസി സമൂഹം ദാരിദ്ര്യം, പട്ടിണി, രോഗം, ഭൂമിയില്ലായ്മ, വീടില്ലായ്മ തുടങ്ങിയ പലതരം പ്രശ്നങ്ങളെയാണ് അഭിമുഖീകരിക്കുന്നത്. ഇതിനെല്ലാം പുറമേ അറിവില്ലായ്മയുടെ കുരുക്കിൽപ്പെട്ട് ജയിലുകളിൽ നിരവധി ആദിവാസികൾ കഴിയുകയാണ്. പ്രത്യേകിച്ചും വയനാട് ജില്ലയിലെ ജയിലുകളിൽ 100 കണക്കിന് ആദിവാസികളുണ്ട്. നിയമപരമായ അജ്ഞതയുടെ ഭാഗമായിട്ടാണ് പലപ്പോഴും ഇത് സംഭവിക്കുന്നത്. വിവാഹിതരായതിന്റെ പേരിൽ ബലാൽസംഗകുറ്റം ചുമത്തപ്പെട്ട് ജയിലിൽ കിടക്കുന്ന ആളുകൾ, ജാമ്യം ലഭിക്കാവുന്ന ചെറിയ കുറ്റങ്ങൾ ചെയ്തിട്ട് ജാമ്യം ലഭിക്കുന്നതിനുവേണ്ടിയുള്ള നികുതി റസീപ്റ്റ് ഇല്ലാത്തത്, ജാമ്യമെടുക്കുന്നതിന് ആളില്ലായ്മ, പട്ടയ രേഖയില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾകൊണ്ട് ജയിലുകളിൽ കഴിയുന്ന ആളുകൾ, മാസങ്ങളായി വിചാരണ തടവുകാരായ ആദിവാസികൾ ജയിലുകളിൽ കിടക്കുകയാണ്. ഇപ്പോൾ വയനാട്ടിലെ സെഷൻസ് കോടതിയാണെങ്കിൽ നികുതി റസീപ്റ്റിനുപകരം ആധാരംതന്നെ നിർബന്ധമാണെന്ന് പറയുന്ന സാഹചര്യമുള്ളതായി അറിയുന്നു. ഇങ്ങനെ ജാമ്യം കിട്ടാത്തതുകൊണ്ട് കേസ് തീരുന്നതുവരെ വിചാരണത്തടവുകാരായി കേരളത്തിലെ ജയിലുകളിൽ പ്രത്യേകിച്ച് വയനാട്ടിലെ ജയിലുകളിൽ നിരവധിയായ ആദിവാസികൾ കിടക്കുകയാണ്. നിയമപരമായ പരിരക്ഷ ആവശ്യമുള്ള ഈ പ്രാക്തന സമൂഹത്തോട് തുടരുന്ന അവഗണന അവസാനിപ്പിക്കാൻ ഈ സഭ ഒന്നിച്ചൊരു നിലപാട് സ്വീകരിക്കണം. അവരെ സംരക്ഷിക്കാനും അവർക്ക് നിയമസഹായം ഉറപ്പുവരുത്താനും ജാമ്യം ലഭിക്കുന്ന കേസുകൾക്ക് ജാമ്യം കിട്ടുമെന്നുറപ്പുവരുത്താനും സർക്കാരിന്റെ ഇടപെടലുകൾ അടിയന്തരമായി ഉണ്ടാകണമെന്ന് സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ജയിലുകളിലുമുള്ള ആദിവാസികൾക്കുവേണ്ടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, വയനാട് ജില്ലയിലെ രണ്ടു ജയിലുകളിലായി ആകെ 41 ആദിവാസികളെയാണ് പാർപ്പിച്ചിരിക്കുന്നത്. ആദിവാസി വിഭാഗത്തിൽപ്പെട്ട തടവുകാർ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരാണ്. കേസിന്റെ കാര്യങ്ങൾ നടത്താൻ പരിജ്ഞാനമില്ലാത്ത ഇവരെ സഹായിക്കുന്നതിന് ബന്ധുക്കളോ സുഹൃത്തുക്കളോ ആരുമില്ലാത്ത അവസ്ഥ നിലവിലുണ്ട്. പ്രസ്തുത തടവുകാരെ സഹായിക്കുന്നതിനായി ഈ രണ്ട് ജയിലുകളിലും കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സൗജന്യ നിയമസഹായ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവർ ആഴ്ചയിലൊരിക്കൽ ജയിലുകൾ സന്ദർശിച്ച് വേണ്ടുന്ന നിയമസഹായം അവർക്ക് ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ജയിലുകളിൽ സീരിയസായ ഒഫെൻസിൽ കിടക്കുന്നവരാണ് ഇന്നുള്ളത്. അതുല്ലാതെ വിചാരണത്തടവുകാരായി ആരുമില്ലായെന്നാണ് ലഭ്യമായിട്ടുള്ള വിവരം. ഇന്നത്തെ പുതിയ നിയമപ്രകാരം ലഭിക്കുന്ന ശിക്ഷയുടെ പകുതി കാലാവധി കഴിഞ്ഞാൽ അവർക്ക് ജാമ്യം നൽകണമെന്നുണ്ട്. അങ്ങനെയുള്ള വ്യവസ്ഥയിൽപ്പെട്ട ഒരാളുമില്ലായെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്. ഏതായാലും അവരിൽ ആർക്കെങ്കിലും സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടെങ്കിൽ ഗവൺമെന്റ് തന്നെ നിയമസഹായം കൊടുത്ത് അവർക്ക് പുറത്തുപോകുന്നതിനുള്ള സൗകര്യമുണ്ടാക്കുമെന്ന് പറയാനും ആഗ്രഹിക്കുന്നു.

(7) ജിനചന്ദ്ര സ്റ്റേഡിയത്തിന്റെ നിർമ്മാണം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, സംസ്ഥാനത്തെ കായിക മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒരു ജില്ലയാണ് വയനാട്. അന്തർദ്ദേശീയ താരങ്ങളായ ജൈഷ, അബൂബേക്കർ, ഇബ്രാഹിം ചീനിക്ക മുതൽ ഇൻഡ്യൻ പ്രീമിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ ബൂട്ടണിയുന്ന ശ്രീ. സൂശാന്ത് മാത്യു അടക്കമുള്ളവർ വയനാട് ജില്ലയിലുള്ളവരാണ് എന്നു പറയുന്നതിൽ അഭിമാനമുണ്ട്. കേരളത്തിൽവച്ച് നടക്കുന്ന ദേശീയ ഗെയിംസിൽ പങ്കെടുക്കാൻ 9 പേരെയാണ് ആർച്ചറിയിൽനിന്ന് തെരഞ്ഞെടുത്തിട്ടുള്ളത്. അതുപോലെതന്നെ ഫെൻസിംഗിനും വയനാട്ടിൽനിന്ന് കായിക താരത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. കായികരംഗത്ത് മികച്ച നേട്ടം നേടുമ്പോഴും വയനാട് ജില്ലയിൽ ഈ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളൊന്നുംതന്നെയില്ല

LIBRARY ARCHIVES Kerala Legislative Assembly